ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പതിനാറാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും

   **Prime Minister Narendra Modi will visit Russia from tomorrow to attend the 16th BRICS Summit. Mr Modi is visiting Russia at the invitation of Russian President Vladimir Putin.**

2. കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ നിരീക്ഷണ ക്രമീകരണങ്ങളിൽ ഇന്ത്യയും ചൈനയും ധാരണയിലെത്തിയതായി വിദേശകാര്യ മന്ത്രാലയം.

   **Foreign Secretary Vikram Misri said today that India and China have reached an agreement on the patrolling arrangements along Line of Actual Control (LAC) in eastern Ladakh.**

3. വിമാന സർവീസുകളെ പ്രതികൂലമായി ബാധിക്കുന്ന വ്യാജ ഭീഷണികളെ നേരിടുന്നതിന് കേന്ദ്രസർക്കാർ നിയമനിർമാണ സാധ്യതകൾ പരിശോധിക്കുന്നതായി സിവിൽ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു.

Union Civil Aviation Minister Ram Mohan Naidu Kinjarapu has said that the government is taking proactive steps to enhance security and vigilance mechanisms to effectively deal with the hoax call menace affecting flight operations.

4. ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ജീവൻ നഷ്ടപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് പോലീസ് സ്മൃതി ദിനത്തിൽ രാഷ്ട്രത്തിൻറെ ശ്രദ്ധാഞ്ജലി.

Police Commemoration Day being observed today.

5. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മണ്ഡലങ്ങളിൽ പ്രചാരണത്തിന് ചൂടേറി.

Political parties intensified campaigns for the byelections in Kerala.

6. ബംഗാൾ ഉൾക്കടലിലെ ചുഴലിക്കാറ്റ് സാധ്യത കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ശക്തിപ്പെടുത്താൻ ഒഡീഷ, പശ്ചിമബംഗാൾ സർക്കാരുകൾക്ക് കേന്ദ്ര നിർദ്ദേശം.

Union Cabinet Secretary today chaired a meeting of National Crisis Management Committee to review preparedness for the impending cyclone in Bay of Bengal.

&&&&&&&&&&&&&&&&&&

## PM – MEA RUSSIA VISIT (INTRO)

¬പതിനാറാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻറെ ക്ഷണ

പ്രകാരമാണ് സന്ദർശനം. "സന്തുലിതമായ ആഗോള വികസനത്തിനായി ബഹുമുഖ ശാക്തീകരണം" എന്നതാണ് ഇത്തവണത്തെ ബ്രിക്സ് ഉച്ചകോടിയുടെ പ്രമേയം. ഇന്ത്യയ്ക്കും, റഷ്യയ്ക്കും പുറമേ ബ്രസീൽ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളും ഉച്ചകോടിയിൽ പങ്കെടുക്കും . ആഗോള വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പ്രധാന വേദിയാണ് ബ്രിക്സ് എന്നും, കൂട്ടായ്മയ്ക്കായി നിർണായക സംഭാവനകൾ നൽകിയ അംഗ രാജ്യമാണ് ഇന്ത്യയെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ന്യൂഡൽഹിയിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്....)

സാമ്പത്തിക സഹകരണം, ഊർജം, ഭക്ഷ്യ സുരക്ഷ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ രണ്ടു ദിവസത്തെ ഉച്ചകോടി സഹായകമാകുമെന്നും വിദേശകാര്യ സെക്രട്ടറി വ്യക്തമാക്കി

&&&&&&&&&&&&&&&&&&

## INDIA – CHINA AGREEMENT

¬കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ നിരീക്ഷണ ക്രമീകരണങ്ങളിൽ ഇന്ത്യയും ചൈനയും ധാരണയിലെത്തിയതായി വിദേശകാര്യ മന്ത്രാലയം. 2020ൽ അതിർത്തി മേഖലയിൽ ആരംഭിച്ച പിരിമുറുക്കത്തിന് ഇതോടെ അയവ് വരുമെന്നും ന്യൂഡൽഹിയിൽ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി മാധ്യമങ്ങളോട് പറഞ്ഞു. ഇരുപക്ഷവും തമ്മിലുള്ള വിശദമായ ചർച്ച തുടരും.

റഷ്യൻ സൈന്യത്തിൽ ചേർന്ന 85 ഓളം ഇന്ത്യക്കാർ മടങ്ങിയെത്തിയതായും 20 ഓളം പേർ അവിടെത്തന്നെ തുടരുന്നതായും വിദേശകാര്യ സെക്രട്ടറി പറഞ്ഞു. ഇവരുടെ മോചനവുമായി ബന്ധപ്പെട്ട് ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ വിദേശകാര്യ മന്ത്രാലയവുമായും റഷ്യൻ പ്രതിരോധ മന്ത്രാലയവുമായും ബന്ധം പുലർത്തുന്നതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## PM- UDAN

കേന്ദ്രസർക്കാർ കൊണ്ടുവന്ന ഉഡാൻ പദ്ധതി രാജ്യത്തെ വ്യോമയാന മേഖലയിൽ വലിയ രീതിയിലുള്ള പരിവർത്തനം സൃഷ്ടിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉഡാൻ പദ്ധതിയുടെ എട്ടാം വാർഷിക വേളയിൽ സമൂഹമാധ്യമത്തിലൂടെ ആശംസകൾ നേരുകയായിരുന്നു അദ്ദേഹം. പദ്ധതി കോടികണക്കിന് ജനങ്ങൾക്ക് വ്യോമഗതാഗതം സാധ്യമാക്കിയതായും വിമാനത്താവളങ്ങളുടെയും വ്യോമ പാതകളുടെയും എണ്ണത്തിൽ വർദ്ധന ഉണ്ടാക്കിയതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## AVIATION MINISTER-UDAN

വിമാന സർവീസുകളെ പ്രതികൂലമായി ബാധിക്കുന്ന വ്യാജ ഭീഷണികളെ നേരിടുന്നതിന് കേന്ദ്രസർക്കാർ

നിയമനിർമാണ സാധ്യതകൾ പരിശോധിക്കുന്നതായി സിവിൽ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു. വ്യാജഭീഷണികളെ ഗുരുതര കുറ്റകൃത്യമാക്കി മാറ്റുമെന്നും ഇവയെ ഫലപ്രദമായി നേരിടാൻ സുരക്ഷാ സംവിധാനങ്ങൾ വർധിപ്പിക്കുമെന്നും മന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

വ്യോമയാന മേഖലയ്ക്കായി കേന്ദ്രസർക്കാർ നടപ്പാക്കിയ ഉഡാൻ പദ്ധതിയിലൂടെ കഴിഞ്ഞ 8 വർഷത്തിനിടെ

രാജ്യത്തെ വിമാനത്താവളങ്ങളുടെ എണ്ണം 74 ൽ നിന്ന് 157 ആയി ഉയർന്നിട്ടുണ്ട്. ഉഡാൻ പദ്ധതി 10 വർഷത്തേക്ക്കൂടി തുടരും. ഇതിലൂടെ രാജ്യത്ത് 50 വിമാനത്താവളങ്ങൾ കൂടി ആരംഭിക്കുമെന്നും, നിലവിലെ വിമാനത്താവളങ്ങളുടെ ശേഷി വർധിപ്പിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM- Police Commemoration Day

ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ജീവൻ നഷ്ടപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ട് രാഷ്ട്രം ഇന്ന് പോലീസ് സ്മൃതി ദിനം ആചരിച്ചു.

രാജ്യത്തെ പൊലീസ് സേനാംഗങ്ങളുടെ ധൈര്യത്തേയും ത്യാഗത്തെയും സ്മൃതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ജനങ്ങളുടെ സുരക്ഷയ്ക്കായി

പോലീസ് സേന കാഴ്ചവയ്ക്കുന്ന വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയെ അഭിനന്ദിക്കുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സുരക്ഷാ സേനയുടെ ആത്മസമർപ്പണത്താലാണ്, രാജ്യത്ത് സമാധാനം ഉറപ്പുവരുത്താൻ സാധിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. സൈബർ കുറ്റകൃത്യങ്ങൾ, ഭീകരവാദം, നുഴഞ്ഞുകയറ്റം തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്നതും സേനാംഗങ്ങളുടെ നിശ്ചയദാർഢ്യം മൂലമാണെന്ന് ഡൽഹിയിലെ ദേശീയ പോലീസ് സ്മാരകത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. സ്മൃതി ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് പുഷ്പചക്രം അർപ്പിച്ചു.

&&&&&&&&&&&&&&&&&&

**PREZ - NATIONAL WATER AWARD**

2023 ലെ- അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, ഗ്രാമ പഞ്ചായത്ത്, തദ്ദേശ സ്ഥാപനം, സംഘടന എന്നിങ്ങനെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികൾക്കാണ് പുരസ്കാരം നൽകുന്നത്. മികച്ച

സംസ്ഥാനം എന്ന വിഭാഗത്തിൽ ഒഡീഷയും ഉത്തർപ്രദേശുമാണ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത്.

&&&&&&&&&&&&&&&&&&

## ELECTION

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. മൂന്നിടത്തും വോട്ടർമാരെ നേരിൽ കണ്ടും തിരഞ്ഞെടുപ്പ് കൺവെൻഷനുകളിൽ പങ്കെടുത്തും വോട്ട് ഉറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

&&&&&&&&&&&&&&&&&&

## PENSION–KSHEMANIDHI

സംസ്ഥാനത്ത് സാമൂഹ്യസുരക്ഷ, ക്ഷേമനിധി ഗുണഭോക്താക്കൾക്ക് ഈ മാസത്തെ പെൻഷൻ തുക അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം ലഭിക്കുന്നത്. ഈ ആഴ്ചയിൽതന്നെ തുക പെൻഷൻകാരുടെ കൈകളിൽ എത്തുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## SHIVRAJ-LAND RECORDS(INTRO)

5,000 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കീഴിൽ വരുന്ന ആറു ലക്ഷത്തി 26,000 ഗ്രാമങ്ങളുടെ ഭൂ രേഖകൾ സർക്കാർ ഡിജിറ്റലൈസ് ചെയ്തതായി കേന്ദ്ര ഗ്രാമ വികസന മന്ത്രി ശിവരാജ് സിങ് ചൗഹാൻ. റിസർവേയുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച ശില്പശാല ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹേൾഡ് വോയ്സ്.....)

ഭൂ ആധാർ പദ്ധതിയിലൂടെ 14 കോടി ഭൂ ആധാർ നമ്പരുകൾ രജിസ്റ്റർ ചെയ്തതായും കേന്ദ്രമന്ത്രി പറഞ്ഞു. നഗര ഭൂരേഖ നവീകരണവുമായി ബന്ധപ്പെട്ട ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുകയാണ് ശിൽപശാലയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## ODISHA-CYCLONE

ബംഗാൾ ഉൾക്കടലിലെ ചുഴലിക്കാറ്റ് സാധ്യത കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ശക്തിപ്പെടുത്താൻ ഒഡീഷ, പശ്ചിമബംഗാൾ സർക്കാരുകൾക്ക് കേന്ദ്ര നിർദ്ദേശം. ദുരന്ത നിവാരണ മുന്നൊരുക്കൾ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിലയിരുത്തി. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഈ

മാസം 24, 25 തീയതികളിൽ ഒഡീഷയിലെ പുരിക്കും സാഗർ ദ്വീപിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. മണിക്കൂറിൽ 120 കിലോമീറ്റർ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്നവരെ വൻതോതിൽ ഒഴിപ്പിക്കാനുള്ള നടപടികൾ ഒഡീഷ സർക്കാർ സ്വീകരിച്ചു. ദുരന്തനിവാരണ സേനയുടെ വിവിധ സംഘങ്ങളെയും തീരദേശ ജില്ലകളിൽ വിന്യസിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും സംസ്ഥാനത്ത് തുറന്നു. ഒഡീഷയുടെ തീരദേശ ജില്ലകളിൽ ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്. ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**RAJNATH – INDIA SINGAPORE**

ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണം നാളെ ന്യൂഡൽഹിയിൽ നടക്കും. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സിംഗപ്പൂർ പ്രതിരോധ മന്ത്രി എൻ ജി ഇംഗ് ഹെൻ എന്നിവർ സംഭാഷണത്തിന് സഹ-അധ്യക്ഷത വഹിക്കും. പങ്കാളിത്ത താൽപര്യമുള്ള വിവിധ വിഷയങ്ങളും നേതാക്കൾ ചർച്ച ചെയ്യും. ഇന്തോ-

പസഫിക് മേഖലയിലെ സുസ്ഥിരതയുടെ പ്രധാന ഘടകമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ, സുരക്ഷാ പങ്കാളിത്തമെന്നാണ് പൊതു വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## PM GERMANY

ഇന്ത്യ-ജർമനി ഇൻറർഗവൺമെൻറൽ ചർച്ചകളിൽ പങ്കെടുക്കുന്നതിനായി ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് വ്യാഴാഴ്ച രാജ്യത്തെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയും, ജർമൻ ചാൻസലറും ചർച്ചയ്ക്ക് സംയുക്തമായി അധ്യക്ഷത വഹിക്കും

&&&&&&&&&&&&&&&&&&

## DELHI – POLLUTION

ഡൽഹിയിൽ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിലെത്തിയതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്. കഴിഞ്ഞ 24 മണിക്കൂറിൽ വായു ഗുണനിലവാര സൂചികയിൽ 307 രേഖപ്പെടുത്തിയതായും ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&